**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4997** 22/05/2017 -ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേര്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ്തല ഹാജർബുക്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേരിന് നേരെ എസ്.സി /എസ്.റ്റി എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തുന്ന നടപടി ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ്തല ഹാജർബുക്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേരിന് നേരെ ചുവന്ന മഷി ഉപയോഗിച്ച് മാർക്ക് ചെയ്യുന്നത് വിദ്യാർത്ഥികളെ മാനസികമായി തളർത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അപ്രകാരം ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

൮

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. എച്ച് (4)/77275/2016/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 09/03/2017

## സർക്കുലർ

വിഷയം : പൊതു വിദ്യാഭ്യാസം - പട്ടികജാതി - പട്ടികവർഗ വിദ്യാർത്ഥികളുടെ പേരിനു നേരെ ഹാജർപുസ്തകങ്ങളിൽ ചുവന്ന മഷിയിൽ രേഖപ്പെടുത്തലുകൾ നടത്തുന്നത് ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന : അഡ്വ. യു. പ്രതിഭ ഹരി, എം.എൽ.എ മുഖാന്തരം കായംകുളം വിഠോബ ഹൈസ്കൂളിലെ ഗാന്ധിദർശൻ യൂണിറ്റിലെ വിദ്യാർത്ഥികൾ ബഹു: വിദ്യാഭ്യാസ വകുപ്പു മന്ത്രിക്ക് സമർപ്പിച്ച 04-10-2016 ലെ അപേക്ഷ.

******

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഹാജർ പുസ്തകങ്ങളിൽ പട്ടികജാതി - പട്ടികവർഗ വിദ്യാർത്ഥികളുടെ പേരിനു നേരെ ചുവന്ന മഷി ഉപയോഗിച്ച് വരയ്ക്കുകയും പ്രത്യേകം രേഖപ്പെടുത്തുകയും ചെയ്യുന്നത് കുട്ടികളെ മാനസികമായി തളർത്തുന്നതിനാൽ ആയത് അവസാനിപ്പിക്കണമെന്ന് ബഹു: വിദ്യാഭ്യാസ വകുപ്പു മന്ത്രിയോട് കായംകുളം വിഠോബ ഹൈസ്കൂളിലെ ഗാന്ധിദർശൻ യൂണിറ്റിലെ വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി.

കേരള വിദ്യാഭ്യാസ ചട്ടം VII-ാം അധ്യായം, ആറാം ചട്ടത്തിലാണ് ഹാജർ പുസ്തകത്തെപ്പറ്റി പ്രതിപാദിക്കുന്നത്. അതിൽ ഒരിടത്തും ചുവന്ന മഷി ഉപയോഗിച്ച് ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതിനെക്കുറിച്ച് സൂചിപ്പിക്കുന്നില്ല. എന്നിരിക്കിലും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപെന്റ് മുതലായ സഹായധനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ വേഗത്തിൽ ശ്രദ്ധയിൽപ്പെടുന്നതിനായി കേരളത്തിലെ വിദ്യാലയങ്ങളിൽ ഹാജർപട്ടികയിൽ ചുവന്ന മഷി ഉപയോഗിച്ച് രേഖപ്പെടുത്തലുകൾ നടത്തുന്നതായി കാണാൻ കഴിയും. സഹായധനവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ട വിദ്യാർത്ഥികൾക്കെല്ലാം ആയത് ഒരാളെപ്പോലും വിട്ടുപോകാതെ എല്ലാവർക്കും ലഭ്യമാക്കുന്നതിനായി നിർദോഷമായി ചെയ്യുന്നതാണെങ്കിലും പട്ടികജാതി - പട്ടികവർഗ വിഭാഗത്തിലുള്ള കുട്ടികളെ മറ്റുള്ളവരിൽ നിന്നു വേർതിരിക്കാൻ ഹാജർ പുസ്തകത്തിലെ ഈ ചുവന്ന മഷി കൊണ്ടുള്ള രേഖപ്പെടുത്തലുകൾ കാരണമാകുന്നുണ്ട്. അതുകൊണ്ട് ചുവന്ന മഷി ഉപയോഗിച്ച് പട്ടികജാതി - പട്ടികവർഗ വിഭാഗത്തിലുള്ള കുട്ടികളെ വേർതിരിക്കുന്ന നടപടി മേലിൽ ആവർത്തിക്കരുതെന്ന് ഇതിനാൽ കർശനമായി നിർദേശിക്കുന്നു.

(മറുപുറം ...)

സ്കൂളുകളിൽ മേൽ നിർദേശം കർശനമായി പാലിക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

കെ.വി. മോഹൻകുമാർ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയക്ടർ.

(1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(3) എല്ലാ പ്രഥമാധ്യാപകർക്കും (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)
(4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @ സ്കൂൾ,
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
(5) കരുതൽ ശേഖരം.

എ.സി-